(സി) ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനം റിപ്പു ലീകരിക്കുന്നതിനും താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് സ്വിസ് ഗവൺമെന്റിന്റെ അന്താരാഷ്ട്ര റികസന സഹകരണ വിഭാഗമായി സ്വിസ് ഏജൻസി ഫോർ ഡവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ, എഫ്.സി.ആർ.എ. രജിസ്ട്രേഷൻ ഉള്ള സന്നദ്ധ സംഘടനകൾവഴി ജാഗ്രതാ സമിതികൾക്ക് ധനസഹായം നൽകുന്നുണ്ട്. ഇതിനകം മടവൂർ, വാരപ്പെട്ടി, മുക്കം, പയ്യോളി, മീനങ്ങാടി, പാണഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഇത്തരം സമിതികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. സമിതി കളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുന്ന ഒരു നോഡൽ ഏജൻസിയായിട്ടാണ് വനിതാ കമ്മീഷൻ പ്രവർത്തിക്കുന്നത്.

(ബി) പരിശീലനങ്ങൾ, ശിൽപ്പശാലകൾ തുടങ്ങിയ കാര്യശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾക്കാണ് ധനസഹായം നൽകുന്നത്.

(സി) ജാഗ്രതാ സമിതികളുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുവാൻ നേതൃത്വപരമായ പങ്കുവഹിക്കാൻ കേരള വനിതാ കമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ അതിന് അനുവാദം നൽകി ഉത്തരവു പുറപ്പെടു വിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങൾക്കുവേണ്ടിയുള്ള ജില്ലാ സമിതികളും ജാഗ്രതാ സമിതികളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

കരിമണൽ ഖനനാനുമതി റദ്ദ് ചെയ്യാൻ നടപടി

156 [1339] *ശ്രീ. ടി. കെ. ദേവകുമാർ:*
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്ജ്
,, *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട് വില്ലേജുകളിലെ തീരപ്രദേശങ്ങളിൽ നിന്നും കരിമണൽ ഖനനം നടത്താൻ ഒരു സ്വകാര്യ കമ്പനിക്ക് കേന്ദ്ര ഖനിമന്ത്രാലയം അനുമതി നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഖനനാനുമതി എത്രയും പെട്ടെന്ന് റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ., സംസ്ഥാന സർക്കാരിന്റെ കെ.എസ്.ഐ.ഡി.സി., ഐ.ഡി.ബി.ഐ., ആലുവയിൽ പ്രവർത്തിക്കുന്ന സി.എം.ആർ.എൽ. എന്ന കമ്പനി എന്നിവ ചേർന്ന് രൂപീകരിച്ച സംയുക്ത സംരംഭമായ കെ.ആർ.ഇ.എം.എൽ. എന്ന സ്ഥാപനത്തിന്റെ അപേക്ഷകളിൽ ചിലത് കേന്ദ്ര ഖനിമന്ത്രാലയം പരിഗണിച്ച് മുൻകൂർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഖനനാനുമതി അന്തിമമായി നൽകിയിട്ടില്ലാത്തതിനാൽ റദ്ദ് ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ല.

കാസർകോട് ജില്ലയിലെ കിനാനൂർ കരിന്തളം പഞ്ചായത്തിലെ ബോക്സൈറ്റ്, ക്ലേ, ലിഗ്നൈറ്റ് ഖനനം

157 [1340] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കിനാനൂർ, കരിന്തളം പഞ്ചായത്തിലെ ബോക്സൈറ്റ്, ക്ലേ, ലിഗ്നൈറ്റ് എന്നിവ ഖനനം നടത്തുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങൾ അപേക്ഷിച്ചിട്ടുണ്ടെന്നും ഇതിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) ഏതൊക്കെ വില്ലേജുകളിൽ എത്ര ഏക്കർ സ്ഥലത്താണ് ഖനനം നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്നും എത്ര ആഴത്തിൽ ഏതൊക്കെ ഖനിജങ്ങൾ കുഴിച്ചെടുക്കുമെന്നും അറിയിക്കാമോ;

(സി) ഖനിജങ്ങളുടെ സംസ്ക്കരണത്തിന് ഈ പ്രദേശത്ത് സംസ്ക്കരണശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly